MONDAY 17-10-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-17/10/2022.

1. കേരള കാർഷിക സർവകലാശാലയുടെ കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം സംസ്ഥാന ഫലമായ ചക്കയുടെ വിവിധ നാടൻ ഇനങ്ങൾ കണ്ടെത്തുവാനും അവയെ സംരക്ഷിക്കുവാനും ഒരു ഗവേഷണ പദ്ധതി നടപ്പിലാക്കി വരുന്നു. കർഷക പങ്കാളിത്തത്തോടെ കൂടിയുള്ള ഗവേഷണ പദ്ധതിയിലേക്ക് ആയി കാലം തെറ്റി (സെപ്റ്റംബർ മുതൽ നവംബർ വരെയോ) അല്ലെങ്കിൽ വർഷം മുഴുവൻ കായ്ക്കുന്നതുമായ പ്ലാവിനങ്ങൾ ഉള്ള തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഉള്ള കർഷകർ ഇവയുടെ വിവരങ്ങൾ **8137840196** എന്ന ഫോൺ നമ്പറിൽ വിളിച്ചോ, വാട്സാപ്പ് സന്ദേശമായോ വിവരങ്ങൾ തരണമെന്ന് സദാനന്ദപുരം കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം പ്രൊഫസർ ആൻഡ് ഹെഡ് അറിയിച്ചു .

2. ക്ഷീര വികസന വകുപ്പ് വാർഷിക പദ്ധതി 2022 -2023 മിൽക്ക് ഷെഡ് വികസന പദ്ധതി (MSDP) നടപ്പിലാക്കാൻ താൽപര്യമുള്ളവരിൽ നിന്നും ഓൺലൈൻ ആയി അപേക്ഷ ക്ഷണിക്കുന്നു. 2022 ഒക്ടോബർ 20 വരെ ക്ഷീരവികസന വകുപ്പിന്റെ https:ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടാവുന്നതാണെന്ന് ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

3. തിരുവനന്തപുരം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/ സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാതലത്തിൽ തെരഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾ അല്ലെങ്കിൽ അംഗീകൃത സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങളും സഹിതം ഒക്ടോബർ മാസം മുപ്പത്തിയൊന്നാം തീയതിക്കകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ മൂന്നു വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരഞ്ഞെടുക്കുന്ന വർക്ക് 10000/- രൂപ ക്യാഷ് അവാർഡും

സർട്ടിഫിക്കറ്റും നൽകുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടറുടെ ശുപാർശസഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

4. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിന് കോമ്പൗണ്ടിനുള്ളിലെ വിവിധ പ്ലോട്ടുകൾ, ഫാമിന് പുറത്തുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന തീറ്റപ്പുല്ല് ഫാമിൽ എത്തിക്കുന്നതിന് 2.5 ടൺ എങ്കിലും ശേഷിയുള്ള വാഹനം വാടകയ്ക്ക് നൽകാൻ താൽപര്യമുള്ളവരിൽ നിന്ന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 26 (ഒക്ടോബർ 26) പകൽ 11 മണി വരെ. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രം സൂപ്രണ്ടിന്റെ പേരിൽ അയയ്ക്കുന്ന ക്വട്ടേഷൻ കവറിനു പുറത്ത് **തീറ്റപ്പുല്ല് ട്രാൻസ്പോർട്ട് ചെയ്യുന്നതിനുളള ക്വട്ടേഷൻ 2022-23** എന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ 2500 ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻ കുഞ്ഞുങ്ങൾ കോഴിക്കുഞ്ഞ് ഒന്നിന് അഞ്ച് രൂപ നിരക്കിൽ 18.10.2022 ന് വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണിവരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. പാലിൽ നിന്നും മൂല്യവർദ്ധിത സ്നാക്ക്സ് എന്ന വിഷയത്തിൽ മണ്ണുത്തി വെറ്ററിനറി കോളേജിലെ ഡയറി സയൻസ് ഡിപ്പാർട്മെന്റിൽ വെച്ച് 2022 ഒക്ടോബർ 19, 20 തിയ്യതികളിൽ ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഫീസ് ഒരാൾക്ക് 1000 രൂപ. വിശദ വിവരങ്ങൾക്ക് 9744481598 എന്ന നമ്പരിൽ ബന്ധപ്പെടുക.

7. കേരള കാർഷിക സർവ്വകലാശാല കോഴിക്കോട് വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ വച്ച് (തടമ്പാട്ട്താഴം) **ശാസ്ത്രീയ കുറ്റികുരുമുളക് കൃഷി** എന്ന വിഷയത്തിൽ ഒക്ടോബർ 20-ന് രാവിലെ 10. 30 മുതൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്നതിനായി **0495**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**2935850, 9188223584** എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് അവസരം ഉണ്ടായിരിക്കുന്നതാണ്. ഈ മാസം 18-ന് (18/10/2022) രജിസ്ട്രേഷൻ അവസാനിക്കുന്നതാണ്.

8. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ കർഷകർക്കായി ഒക്ടോബർ 18,19 തീയതികളിൽ **തേനീച്ചകൃഷി** എന്ന വിഷയത്തിൽ ദ്വിദിന പരിശീലന പരിപാടികൾ നടത്തുന്നു. ഫീസ് 1050/- രൂപ. താൽപ്പര്യമുള്ളവർ 0487- 2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനങ്ങളുടെ ശുപാർശ, നടീൽവസ്തുക്കളുടെ ഉത്പാദനം എന്നിവയിൽ നാളെ (ഒക്ടോബർ 18) ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

**കാർഷിക നിർദ്ദേശങ്ങൾ**

10. മഞ്ഞളിൽ ഇലകരിച്ചിൽ രോഗം നിയന്ത്രിക്കുന്നതിനായി രണ്ട് മില്ലി ഹെക്സാകോണാസോൾ ഒരു മില്ലി പ്രൊപ്പികൊണാസോൾ രണ്ടര ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് 2 ഗ്രാം സാഫ് എന്നിവയിൽ ഏതെങ്കിലും ഒരു മരുന്ന് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. രോഗത്തിന്റെ തീവ്രത അനുസരിച്ച് രണ്ടാഴ്ച കൂടുമ്പോൾ മരുന്ന് തളി തുടരാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം